# Official Spokesperson's response to a query about remarks by Chinese MFA Spokesperson on 29 September 2021 regarding the border situation

September 30, 2021

---

**അതിർത്തിയിലെ സാഹചര്യത്തെക്കുറിച്ച് ചൈനീസ് വിദേശകാര്യമന്ത്രാലയത്തിലെ വക്താവ് 2021 സെപ്റ്റംബർ 29 ന് നടത്തിയ പരമർശങ്ങളെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

**സെപ്റ്റംബർ 30 ,2021**

**അതിർത്തിയിലെ സാഹചര്യത്തെക്കുറിച്ച് ചൈനീസ് വിദേശകാര്യമന്ത്രാലയത്തിലെ വക്താവ് 2021 സെപ്റ്റംബർ 29 ന് നടത്തിയ പരമർശങ്ങളെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു.**

വസ്തുതകൾക്ക് അടിസ്ഥാനമില്ലാത്ത ഇത്തരം നിരസിച്ചുകൊണ്ട് ഏതാനും ദിവസം മുമ്പ് ഞങ്ങൾ ഞങ്ങളുടെ നിലപാട് വ്യക്തമാക്കിയിരുന്നു. ചൈനയുടെ ഭാഗത്തുനിന്ന് വ്യാപനമായി സൈനിക മുന്നേറ്റങ്ങളും, പ്രകോപനപരമായ പെരുമാറ്റവും, എല്ലാ ഉഭയകക്ഷി കരാറുകളും ലംഘിച്ച് അധികാരം മാറ്റുന്നതിനുള്ള ഏകപക്ഷീയമായ ശ്രമങ്ങളും കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ സമാധാനത്തിന്റെയും ശാന്തിയുടെയും സാഹചര്യങ്ങളിലെ ഗുരുതരമായ അസ്വസ്ഥതയ്ക്ക് കാരണമായിരിക്കുകയാണ് .ചൈന അതിർത്തി പ്രദേശങ്ങളിൽ ധാരാളം സൈനികരെയും ആയുധങ്ങളും വിന്യസിക്കുന്നത് തുടരുന്നു. ചൈനീസ് നടപടികളോടുള്ള പ്രതികരണമായി, ഇന്ത്യയുടെ സുരക്ഷാ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്താനാണു നമ്മുടെ സായുധ സേനയ്ക്ക് ഈ മേഖലകളിൽ ഉചിതമായ കൗണ്ടർ വിന്യാസങ്ങൾ നടത്തേണ്ടിവന്നത്.

ഈ മാസം ആദ്യം ചൈനീസ് വിദേശകാര്യ മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ഇന്ത്യൻ വിദേശകാര്യമന്ത്രി ഊന്നിപ്പറഞ്ഞതുപോലെ, ഉഭയകക്ഷി കരാറുകളും പ്രോട്ടോക്കോളുകളും പൂർണമായി പാലിച്ചുകൊണ്ട് കിഴക്കൻ ലഡാക്കിലെ എൽഎസിയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ എത്രയും പെട്ടന്ന് പരിഹരിക്കാൻ ചൈനീസ് ഭാഗം പ്രവർത്തിക്കുമെന്നതാണ് ഞങ്ങളുടെ പ്രതീക്ഷ.

ന്യൂ ഡൽഹി
സെപ്റ്റംബർ 30, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.